(ജി) സംസ്ഥാനത്തെ ഐസ്പ്ലാന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കാലപ്പഴക്കംമൂലവും, സ്പെയർപാർട്ടുകളുടെ ദൗർലഭ്യം മൂലവുമാണ് മിക്ക ഐസ്പ്ലാന്റുകളും പ്രവർത്തന രഹിതമായത്.

(സി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 17 ഐസ് പ്ലാന്റുകളും ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ഡി) പ്രസ്തുത ഐസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ അവ മത്സ്യഫെഡിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഐസ് പ്ലാന്റുകൾ മത്സ്യഫെഡിന് ഔപചാരികമായി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. എന്നാൽ ഇവയിൽ താഴെ പറയുന്ന 10 എണ്ണം പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കുന്നതിന് മത്സ്യഫെഡിന് അനുവാദം നൽകിയിട്ടുണ്ട്.

1. ഗവ. ഐസ്പ്ലാന്റ്, കസബ, കാസർഗോഡ്
2. ഗവ. ഐസ്പ്ലാന്റ്, തലായി, കണ്ണൂർ
3. ഗവ. ഐസ്പ്ലാന്റ്, മാപ്പിളബേ, കണ്ണൂർ
4. ഗവ. ഐസ്പ്ലാന്റ്, കൊയിലാണ്ടി, കോഴിക്കോട്
5. ഗവ. ഐസ്പ്ലാന്റ്, താന്നൂർ, മലപ്പുറം
6. ഗവ. ഐസ്പ്ലാന്റ്, ചാവക്കാട്, തൃശ്ശൂർ
7. ഗവ. ഐസ്പ്ലാന്റ്, അഴീക്കോട്, തൃശ്ശൂർ
8. ഗവ. ഐസ്പ്ലാന്റ്, നീണ്ടകര, കൊല്ലം
9. ഗവ. ഐസ്പ്ലാന്റ്, വളപട്ടണം, കണ്ണൂർ
10. ഗവ. ഐസ്പ്ലാന്റ്, വെസ്റ്റ് ഹിൽ, കോഴിക്കോട്.

(എഫ്) പ്രസ്തുത ഐസ്പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ജി) നടപടികൾ സ്വീകരിച്ചു വരുന്നു.

8 (*461) വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലെ ശുദ്ധജല വിതരണം

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതിപ്രകാരം ശുദ്ധജല വിതരണം നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിലേയ്ക്ക് കേന്ദ്രസർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതിയും ശുദ്ധജല ലഭ്യതയും ഇല്ലാത്ത പ്രദേശങ്ങൾ കണ്ടെത്തി അവിടെ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി പ്രകാരം പുതുതായി ജലവിതരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ വി.പി. രാമകൃഷ്ണപിള്ള)

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിനായി സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ചെറുകിട പദ്ധതികൾക്കാണ് ഇവ ഉപയോഗിക്കുന്നത്.

(ബി) സൗരോർജ്ജ പമ്പ് സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിലേയ്ക്ക് സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾ കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ കേരളാ വാട്ടർ അതോറിറ്റിക്ക് അനുവദിച്ചു. ഇത്തരത്തിലുള്ള 18 പമ്പുസെറ്റുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ 9 എണ്ണം ത്വരിത ഗ്രാമീണ പദ്ധതിയിൽ സൗജന്യമായും 9 എണ്ണം സബ്സിഡി നിരക്കിലുമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) അനുബന്ധത്തിൽ ചേർത്തിട്ടുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഒരു സർവ്വേ നടത്തി കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇത്തരം പമ്പുസെറ്റുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തി പ്രാവർത്തികവും ദീർഘകാലത്തിൽ പ്രയോജനം ഉള്ളവയുമാണെന്ന് കണ്ടാൽ മറ്റിടങ്ങളിലും ഉപയോഗിക്കുന്ന കാര്യം പരിഗണിക്കും. ചെറുകിട പദ്ധതിയ്ക്കാണ് ഇവ യോഗ്യം.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly